ശ്രീമതി കെ. ആർ. ഗൗരി : സർ, ഒരു വിശദീകരണം : പ്രസ്താവന നടത്തിയപ്പോഴും അതിനുള്ള കാരണത്തെ സംബന്ധിച്ച് ചീഫ് മിനിസ്റ്റർ ആവശ്യപ്പെട്ടിട്ട് ചീഫ് സെക്രട്ടറി സമാധാനം ചോദിക്കുകയും ഈ ഉദ്യോഗസ്ഥൻ സമാധാനം നൽകുകയും ചെയ്തിട്ടുണ്ട്. അതു് ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്.

വിദ്യാർത്ഥികൾക്കു് സ്കോളർഷിപ്പു്

* 169 [623] ശ്രീ. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാലയുടെ കീഴിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കു് സ്കോളർഷിപ്പു് കൊടുക്കുന്നതിനു് കേന്ദ്രഗവണ്മെൻറും യു. ജി. സി.യും കേരള സർവ്വകലാശാലയും കൂടി 1960–നു ശേഷം ആകെ എത്ര സംഖ്യ ചെലവാക്കിയിട്ടുണ്ടു്;

(ബി) ഈ സ്കോളർഷിപ്പു് നൽകുന്നതിനർഹരായവരെ നിശ്ചയിക്കുന്നതിനടിസ്ഥാനമായ നിബന്ധനകളെന്തെല്ലാം;

(സി) ഈ സ്കോളർഷിപ്പു് 1960–നു ശേഷം ആകെ എത്ര ഗവേഷണ വിദ്യാർത്ഥികൾക്കു് കൊടുത്തിട്ടുണ്ടു്;

(ഡി) അവരിൽ എത്രപേർ ഡിഗ്രി ബിരുദം നേടിയെന്നു പറയാമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) :

(എ) 17,82,064 രൂപ.

(ബി) നിബന്ധനകളുടെ ഒരു പ്രതി മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(സി) 355.

(ഡി) 50 പേർക്കു ബിരുദം കൊടുത്തുകഴിഞ്ഞു.

ശ്രീ. പി. ഗംഗാധരൻ : സ്കോളർഷിപ്പു കൊടുക്കുന്ന കാര്യത്തിൽ ഓരോ കൊല്ലവും ഓരോ തരത്തിലുള്ള നിബന്ധനകളാണു് ഉണ്ടാക്കുന്നതു് എന്നുള്ളതുകൊണ്ടു് അർഹരായ പലർക്കും സ്കോളർഷിപ്പു കിട്ടുന്നില്ല. പ്രത്യേകിച്ചും പിന്നോക്ക സമുദായക്കാർക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും തീരെ കിട്ടുന്നില്ല എന്ന ആക്ഷേപമുണ്ടു്. അതുകൊണ്ടു് വർഷംതോറും നിബന്ധനകൾ മാറാതിരിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : സർവ്വകലാശാലയുടെ നിയമമനുസരിച്ചാണു് സ്കോളർഷിപ്പു കൊടുക്കുന്നതു്. സ്കോളർഷിപ്പിൻെറ കാര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു് റിസർവേഷനുള്ളതായി അറിവില്ല. നിബന്ധനകൾ കൂടെക്കൂടെ മാറുന്നുണ്ടോ എന്നും അറിവില്ല. ഏതായാലും യൂണിവേഴ്സിറ്റി അതിൻെറ നിബന്ധനകൾ മാറരുതെന്നു് ഗവണ്മെൻറു് പറയുന്നതു ശരിയായിരിക്കുകയില്ല. നിബന്ധനകളുടെ കാര്യത്തിൽ എന്തെങ്കിലും തകരാറുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അതു് സർവ്വകലാശാലാധികൃതരുടെ ശ്രദ്ധയിൽ പെടുത്താവുന്നതുമാണു്.

ശ്രീ. പി. ഗംഗാധരൻ : 1965–66–ൽ മെറിറ്റും 1966–67–ൽ സീനിയാറിട്ടിയും മാത്രം ഒക്കെയാണു് സ്കോളർഷിപ്പു കൊടുക്കുന്നതിനു മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളതു്. അതുമൂലം, അർഹരായവർക്കു കിട്ടുന്നുമില്ല. അതുകൊണ്ടു് നിബന്ധനകളൊന്നു് സരിച്ചു നടക്കുന്നുണ്ടോ എന്നു ഗവണ്മെൻറു് പരിശോധിച്ചു് വേണ്ട നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ ?

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ഇപ്പോൾ അങ്ങനെ നിർദ്ദേശം കൊടുക്കണമെന്ന ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. എൻ. കെ. ശേഷൻ : കേരള സർവ്വകലാശാല നൽകുന്ന മാനദണ്ഡങ്ങൾക്കു പുറമേ അതിനെ നിയന്ത്രിക്കുന്ന അധികാരികളും ചില മാനദണ്ഡങ്ങളും നൽകുന്നുണ്ടെന്നുള്ളതു പരിഗണിച്ചിട്ടുണ്ടോ ?

ശ്രീ. സി. എച്ച് മുഹമ്മദ്കോയ : ആ വിവരം ബഹുമാനപ്പെട്ട മെമ്പറിൽ നിന്നു സ്വീകരിക്കുന്നു.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : പുതിയ യൂണിവേഴ്സിറ്റി ആക്ടിൽ നിലവിൽ വന്നശേഷവും അതിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആനുകൂല്യങ്ങളും ലഭിക്കേണ്ട സമയത്തു ലഭിക്കാത്തതിനെപ്പറ്റി അന്വേഷിച്ചു....

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അതു വ്യത്യസ്തമായ കാര്യമാണ്, സ്കോളർഷിപ്പുമായി ബന്ധപ്പെട്ടതല്ല.

മലയാള സാഹിത്യ അക്കാഡമിയുടെ പ്രവർത്തനം

* 170 [624] ശ്രീ. മുസ്തഫാ കമാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള സാഹിത്യ അക്കാഡമിയുടെ പ്രവർത്തനങ്ങളിൽ ചില പാകപ്പിഴകൾ സംഭവിച്ചിട്ടുണ്ടെന്നുള്ള ആക്ഷേപം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സാഹിത്യ അക്കാഡമിയിൽ മലയാള ഭാഷയെ പ്രതിനിധീകരിക്കുന്നതു് ആരാണു്;

(സി) മലയാള ഭാഷയിൽ സമ്മാനാർഹമായി ഒരു കൃതിയും ഈ വർഷം തെരഞ്ഞെടുക്കാൻ കേന്ദ്ര അക്കാഡമിക്കു കഴിയാതെപോയതു് മലയാള സാഹിത്യ അക്കാഡമിയുടെ പ്രവർത്തനവൈകല്യംകൊണ്ടാണോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ) :

(എ) ഉണ്ടു്.

(ബി) തകഴി ശിവശങ്കരപ്പിള്ള.

(സി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ശ്രീ. മുസ്തഫാ കമാൽ : സമ്മാനാർഹങ്ങളായ പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളെന്തൊക്കെയാണു്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അതിനെസംബന്ധിച്ചുള്ള വിവരങ്ങൾ അക്കാഡമിയിൽനിന്നു കിട്ടേണ്ടതാണു്; കിട്ടിക്കഴിഞ്ഞിട്ടില്ല.

ശ്രീ. മുസ്തഫാ കമാൽ : അക്കാഡമിയുടെ തലപ്പത്തിരിക്കുന്ന സാഹിത്യകാരന്മാരുടെ കിടമത്സരംകൊണ്ടാണു് നീതിപൂർവ്വകമായി ഇക്കാര്യത്തിൽ പ്രവർത്തിക്കാൻ കഴിയാതെ വന്നതെന്നുള്ള ശ്രീ. പൊൻകുന്നം വക്കിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? നിഷ്പക്ഷമായും നീതിപൂർവ്വകമായും പെരുമാറുന്ന ഒരു സാഹിത്യകാരനെ ആ സ്ഥാനത്തു പ്രതിഷ്ഠിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly